ഉത്തരം

(എ) എന്നത്തേക്ക് ആരംഭിക്കുമെന്നു ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

(ബി) ഇതിന്റെ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(സി) ഡിസൈനിന് അവസാനരൂപം നൽകിയശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം കൊടുക്കുന്നുണ്ട്.

പെരുംപനച്ചി–തോട്ടക്കാട് റോഡ്

163 [245] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി സബ്ഡിവിഷനിൽ പെരുംപനച്ചി–തോട്ടക്കാട് റോഡ് ടാർ[ക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്രയും വേഗം പണി ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഈ റോഡ് ടാർ ചെയ്യുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞു. മൺസൂൺ കഴിയുന്നതോടുകൂടി പണി ആരംഭിക്കുന്നതാണ്.

നെയ്യാറ്റിൻകര സിവിൽ സ്റ്റേഷന്റെ പണി

164 [246] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സിവിൽ സ്റ്റേഷന്റെ പണി പ്രയോറിറ്റി ലിസ്റ്റിൽ ചേർത്തിട്ടുണ്ടോ;

(ബി) കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണ്;

(സി) ഉടൻതന്നെ പണി ആരംഭിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 3–3–1971-ലെ ജി. ഒ. ആർ. റ്റി. 165/71/മരാമത്ത്, നമ്പറിലുള്ള സർക്കാർ ഉത്തരവനുസരിച്ച് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള താലൂക്കാസ്ഥാനങ്ങളുടെ കൂട്ടത്തിൽ നെയ്യാറ്റിൻകരയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനതയാണ് കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം.

(സി) പണത്തിന്റെ ലഭ്യതയനുസരിച്ച് കെട്ടിടത്തിന്റെ പണി ആരംഭിക്കാൻ നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly